"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ.വ- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അജൈവ പാഴ്വസ്തുക്കൾ വാതിൽപ്പടി ശേഖരണം നടത്തുന്നതിന് പുതുക്കി നിശ്ചയിച്ച കലണ്ടറും പ്രവർത്തന മാർഗ്ഗരേഖയും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.628/2023/LSGD തീയതി,തിരുവനന്തപുരം, 16-03-2023

---

പരാമർശം:-
1. 27/09/2019-ലെ സ.ഉ(സാധാ)നം.2112/2019/ത.സ്വ.ഭ.വ
2. 7-09-2020-ലെ ഡി.സി1/282/2020/ത.സ്വ.ഭ.വ നം. സർക്കുലർ.
3. 06/09/2021-ലെ സ.ഉ (സാധാ)നം.1673/2021/ത.സ്വ.ഭ.വ.
4. 17/02/2021-ലെ സ.ഉ (സാധാ)നം. 479/2021/തസ്വഭവ.
5. 19/01/2023 ലെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 4558/E1/2022/SM നമ്പർ കത്ത്

**ഉത്തരവ്**

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരള മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻറെ ഭാഗമായി വികേന്ദ്രീകൃത മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹരിത കർമ്മസേന/ പ്രത്യേക ഏജൻസികൾ മുഖാന്തിരം ശേഖരിക്കുന്നതും, വിവിധ ക്യാമ്പയിനുകളിൽ ഉൾപ്പെടുത്തി ശേഖരിക്കുന്നതുമായ പുനഃചംക്രമണ യോഗ്യമായതോ, നിഷ്ക്രിയമായതോ ആയ അജൈവ പാഴ് വസ്തുക്കൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും മാർഗ്ഗ നിർദ്ദേശം നൽകിക്കൊണ്ട് വിവിധ സർക്കുലറുകളും, ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (2) ലെ സർക്കുലർ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് സർക്കുലറിൽ ഉൾപ്പെടുത്തിയിട്ടുള്ള കലണ്ടർ പ്രകാരം സംസ്ഥാനത്ത് അജൈവ പാഴ്വസ്തു ശേഖരണം നടന്നുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാതിൽപ്പടി ശേഖരണം കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എം.സി.എഫ്- കളിൽ എത്തുന്ന അജൈവ പാഴ്വസ്തുക്കളുടെ അളവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയതിന് ആനുപാതികമായി കൃത്യമായ തരംതിരിവ്, സമയബന്ധിതമായി ശാസ്ത്രീയ സംസ്കരണത്തിനായി കൈയ്യൊഴിയൽ എന്നിവ നടപ്പാക്കുന്നതിൽ സംസ്ഥാനത്തെ പല എം.സി.എഫുകളിലും വീഴ്ച വരുന്നതായും കൂടാതെ ചില സ്വകാര്യ ഏജൻസികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് നിഷ്ക്രിയ മാലിന്യം എന്ന ഗണത്തിൽപ്പെടുത്തിയും, തരംതിരിക്കലിനെ നിരുത്സാഹപ്പെടുത്തിയും മാലിന്യ നീക്കം നടത്തുന്നത് ശ്രദ്ധയിൽപ്പെടുകയും ഇത് ഗുരുതരമായ ഭവിഷത്തുകൾ ഉണ്ടാക്കാനിടയുള്ളതിന്റെ അടിസ്ഥാനത്തിൽ പാഴ്വസ്തു ശേഖരണത്തിനായി നിലവിൽ ലഭ്യമായിട്ടുള്ള കലണ്ടറിൽ പ്രായോഗികമായ മാറ്റം ഉണ്ടാകണമെന്ന് നിർദ്ദേശം ഉയർന്നുവന്നിരിക്കുന്നു. 2022 ഡിസംബർ മാസം 7, 8 തീയതികളിൽ ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ, കെൽട്രോൺ, ക്ലീൻ കേരള കമ്പനി - യുടെ ജില്ലാതല ഉദ്യോഗസ്ഥർ പങ്കെടുത്ത ശില്പശാലയിൽ നിലവിലെ വാതിൽപ്പടി ശേഖരണവും

പാഴ്‌വസ്തുക്കളുടെ നീക്കവും വിശദമായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വാതിൽപ്പടി പാഴ്‌വസ്തു ശേഖരണ കലണ്ടറിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതുക്കിയ കലണ്ടറും, നിർദ്ദേശങ്ങളും ഉൾപ്പെടുത്തി പരാമർശം 5 പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ പുതുക്കിയ കരട് മാർഗ്ഗരേഖ ലഭ്യമാക്കിയിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അജൈവ പാഴ്‌വസ്തുക്കൾ വാതിൽപ്പടി ശേഖരണം നടത്തുന്നതിന് പുതുക്കി നിശ്ചയിച്ച കലണ്ടറും പ്രവർത്തന മാർഗ്ഗരേഖയും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ളത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ (Urban), LSGD, തിരുവനന്തപുരം
ഡയറക്ടർ (Rural), LSGD, തിരുവനന്തപുരം
കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ,തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എല്ലാ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (ഡയറക്ടർ (Urban) മുഖേന)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡയറക്ടർ (Rural) മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സ്.ന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. ക്ക്

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അജൈവ പാഴ്വസ്തുക്കൾ വാതിൽപ്പടി ശേഖരണം നടത്തുന്നതിന് പുതുക്കി നിശ്ചയിച്ച കലണ്ടറും പ്രവർത്തന മാർഗ്ഗരേഖയും</u>**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളും, ഉത്തരവാദിത്വങ്ങളും**

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ വാതിൽപ്പടി ശേഖരണം കൃത്യമായി നടത്തുന്നതിനായി ചെറിയ ക്ലസ്റ്ററുകളായി തിരിച്ച് ഹരിതകർമ്മസേനകളെ വിന്യസിപ്പിക്കേണ്ടതാണ്. പ്രതിദിനം വാതിൽപ്പടി ശേഖരണം നടത്തേണ്ട വീടുകൾ/ സ്ഥാപനങ്ങളുടെ പട്ടിക മുൻകൂർ നിശ്ചയിച്ച് നൽകണം.

2. എം.സി.എഫിലെ സ്ഥലപരിമിതി ഒരു പ്രധാന പ്രശ്നമായി മാറിയിട്ടുണ്ട് ഈ സാഹചര്യത്തിൽ നിലവിലുള്ള എം.സി.എഫ്-കളിൽ സ്ഥലപരിമിതിയുണ്ടെങ്കിൽ, നിലവിലുള്ളതിൽ സ്ഥല സൗകര്യം കൂട്ടിക്കൊണ്ടോ, അധികമായി മറ്റൊന്ന് നിർമ്മിച്ചുകൊണ്ടോ അടിയന്തിരമായി പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കഴിഞ്ഞ 4 - 5 വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞത് 1500-2000 സ്ക്വയർ ഫീറ്റ് വിസ്തൃതിയെങ്കിലും എം.സി.എഫിന് ഉണ്ടാകണം. വാർഡുതല മിനി എം.സി.എഫിന് കുറഞ്ഞത് 500 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണവും നൽകാവുന്നതാണ്. എം.സി.എഫ് സ്ഥലപരിമിതിയുള്ള സ്ഥലങ്ങളിൽ മിനി എം.സി.എഫ് സ്ഥാപിച്ചും അവയിൽ നിന്നും കൃത്യമായി പാഴ്വസ്തുക്കൾ സമയാസമയം എം.സി.എഫ്-ലേക്കും അവിടെ നിന്നും തുടർ സംസ്കരണത്തിനായി ഏജൻസിക്കും കൈമാറി സ്ഥലപരിമിതികൊണ്ടുള്ള പ്രശ്നം പരിഹരിക്കാൻ ശ്രമിക്കാം.

3. മിനി എം.സി.എഫ്, എം.സി.എഫ് ഇവ ആകർഷകമാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. നഗരസഭകൾക്ക് ഒന്നിലധികം എം.സി.എഫ് മേഖല തിരിച്ച് ഉണ്ടാകണം. കോർപ്പറേഷൻ സോണൽ അടിസ്ഥാനത്തിൽ എം.സി.എഫ് ഉണ്ടാകണം. എം.സി.എഫ്/ മിനി എം.സി.എഫ് സംബന്ധിച്ച് ജനങ്ങളിൽ കൃത്യമായ ധാരണ ഉണ്ടാക്കാൻ ആവശ്യമായ ബോധവൽക്കരണം നടത്താനും പ്രത്യേകം ശ്രദ്ധിക്കണം.

4. എം.സി.എഫ് ലേക്ക് ശേഖരിക്കുന്ന അജൈവ പാഴ്വസ്തുക്കൾ വൃത്തിയുള്ളവയും, ജൈവമാലിന്യങ്ങൾ കൂടിക്കലരാതെ ഉള്ളവയും ആണെന്ന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതും എം.സി.എഫിൽ എത്തിക്കുവാനുള്ള വാഹന ക്രമീകരണം ഏർപ്പെടുത്തേണ്ടതുമാണ്.

5. എം.സി.എഫിൽ എത്തിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള ക്രമീകരണം എം.സി.എഫു കളിൽ ഉണ്ടാകേണ്ടതാണ്. എം.സി.എഫുകളിൽ ബെയിലിംഗ് മെഷീൻ, കൺവെയർബെൽറ്റ്, വെയിംഗ് മെഷീൻ എന്നിവ അനിവാര്യമാണ്. എം.സി.എഫുകൾ

സ്ത്രീ സൗഹൃദമായ രീതിയിൽ നിർമ്മിക്കേണ്ടതാണ്. കൂടാതെ വെള്ളം, വൈദ്യുതി, ഫാൻ, ടോയിലെറ്റ്, ഡ്രസ്സിംഗ്റൂം, ഓഫീസ് കോണർ എന്നിവ ഉണ്ടാകണം.

**6.** വാർഡിൽ നിന്നും പാഴ്വസ്തു ശേഖരിക്കുന്ന ഹരിതകർമ്മസേനകൾക്ക് 6 മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ ശുചിത്വ മിഷന്റെ സഹായത്തോടെ പരിശീലനം നൽകേണ്ടതാണ്. പാഴ്വസ്തുക്കൾ തരംതിരിച്ചും വൃത്തിയാക്കിയും നൽകുന്നത് സംബന്ധിച്ച് വർഷത്തിൽ ഇടവിട്ടുള്ള ജനകീയ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**7.** എം.സി.എഫുകളിൽ തരംതിരിക്കുന്ന പുന:ചംക്രമണയോഗ്യമായ പാഴ്വസ്തുക്കൾ കൃത്യമായ ഇടവേളകളിൽ (സെക്ടർ അടിസ്ഥാനത്തിൽ) ക്ലീൻ കേരള കമ്പനി മുഖേന/ അംഗീകൃത ഏജൻസികൾ വഴി കൈയ്യൊഴിയുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

**8.** ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കലണ്ടർ പ്രകാരമുള്ള പാഴ്വസ്തു ശേഖരണ വിവരം മാസന്തോറും ജില്ലാതല ഏകോപന സമിതി റിവ്യൂ ചെയ്യേണ്ടതാണ്.

**9.** ഹരിത കർമ്മസേനകളുടെ പ്രവർത്തനം, എം.സി.എഫുകളുടെ പ്രവർത്തനം, ക്ലീൻ കേരള കമ്പനിക്ക് പാഴ്വസ്തു കൈമാറൽ എന്നിവ ഏകോപിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. ടി ഉദ്യോഗസ്ഥൻ ക്ലീൻ കേരള കമ്പനിയുടെ ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട് മാലിന്യ നീക്കം ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

**10.** പുന:ചക്രമണയോഗ്യമല്ലാത്ത മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള തുക പരാമർശം 1 സർക്കാർ ഉത്തരവ് അനുസരിച്ച് 10 രൂപയും ടാക്സും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകേണ്ടതാണ്. നിഷ്ക്രിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രേഖാമൂലം ക്ലീൻ കേരള കമ്പനിയുടെ മാനേജരെ അറിയിക്കുന്നത് പ്രകാരമായിരിക്കണം അവ നീക്കം ചെയ്യുന്നതിനുള്ള നടപടി ക്ലീൻ കേരള കമ്പനി സ്വീകരിക്കേണ്ടത്.

**11.** പുന:ചംക്രമണ യോഗ്യമല്ലാത്തതും, വിവിധ ക്യാമ്പയിനുകളിൽ ശേഖരിക്കുന്നതുമായ നിഷ്ക്രിയ മാലിന്യങ്ങൾ സംസ്കരണം നടത്തുന്നതിന് സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

**12.** ഇ-വേസ്റ്റിൽ ഉൾപ്പെടുന്ന വിപൽക്കരമായ മാലിന്യങ്ങൾ, പുന:ചംക്രമണ സാധ്യതയില്ലാത്ത അജൈവ മാലിന്യങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള ചെലവ് പരാമർശം (4) സർക്കാർ ഉത്തരവനുസരിച്ച് (50 രൂപയും ടാക്സും) തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതും തുക ക്ലീൻ കേരള കമ്പനിക്ക് കൈമാറേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രേഖാമൂലം അറിയിക്കുന്നതനുസരിച്ച് വേണം ക്ലീൻ കേരള കമ്പനി ഇവ മാറ്റേണ്ടത്.

**13.** എം.സി.എഫ് നിർമ്മാണം, നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തന അനുമതികൾ

(മലിനീകരണ നിയന്ത്രണ ബോർഡിൻറെ) ഉൾപ്പെടെ ലഭ്യമാക്കേണ്ട ചുമതല അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

14. മാലിന്യ നീക്കം സംബന്ധിക്കുന്ന എല്ലാരേഖകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം സൂക്ഷിക്കേണ്ടതും വകുപ്പുതല പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

15. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാതിൽപ്പടി ശേഖരണത്തിലൂടെ സംഭരിച്ച് കൈയൊഴിയുന്ന അജൈവ പാഴ്വസ്തുവിന്റെ ഇനം തിരിച്ച് (വിലയുള്ളത്, വിലയില്ലാത്തത്, സംസ്കരണത്തിന് പണം ഏജൻസിക്ക് നൽകുന്നത്) ലഭിക്കുന്ന അളവ്, നൽകുന്ന തുക എന്നിങ്ങനെ വിശദ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ എംസിഎഫിൽ സൂക്ഷിക്കേണ്ടതാണ്.

**ക്ലീൻ കേരള കമ്പനിയുടെ/ അംഗീകൃത ഏജൻസിയുടെ ചുമതലകളും, ഉത്തരവാദിത്വങ്ങളും**

1. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ക്ലീൻ കേരള കമ്പനിക്ക് നേരിട്ട് സർക്കാർ ഉത്തരവിന് വിധേയമായി മാലിന്യ ശേഖരണ, സംഭരണ, സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

2. എം.സി.എഫ്/ആർ.ആർ.എഫി ൽ നിന്നും പാഴ്വസ്തുക്കൾ, കുന്നുകൂടാതെ, അതാത് മാസം/സമയബന്ധിതമായി ശാസ്ത്രീയ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനി/ അംഗീകൃത ഏജൻസി നീക്കം ചെയ്യേണ്ടതാണ്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേനകൾ ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ തരംതിരിച്ചുവയ്ക്കുന്ന പുന:ചക്രമണയോഗ്യമായ പാഴ്വസ്തുക്കൾ പ്രതിഫലം നൽകി ശേഖരിക്കുന്നതിനുള്ള നടപടികൾ ക്ലീൻ കേരള കമ്പനി സ്വീകരിക്കേണ്ടതാണ്. അതാത് മാസം പാഴ്വസ്തു നീക്കം ചെയ്യുന്നതിന്റെ പ്രതിഫലം നൽകേണ്ടതാണ്. അതിനു വേണ്ട ക്രമീകരണം ക്ലീൻ കേരള കമ്പനി ചെയ്യണം.

4. പാഴ്വസ്തുക്കൾക്ക് നൽകാൻ കഴിയുന്ന വില ക്ലീൻ കേരള കമ്പനി ജില്ലാതല ഏകോപന സമിതിയിൽ അറിയിക്കേണ്ടതും കാലാനുസൃതമായി വിലയിൽ വർദ്ധനവ് വരുത്തേണ്ടതുമാണ്. നൽകുന്ന പ്രതിഫലം സംബന്ധിച്ച ഉത്തരവ് അതാത് മാസം സെക്ടർ കലണ്ടർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്.

5. പുന:ചംക്രമണ യോഗ്യമായ പാഴ്വസ്തുക്കൾക്ക് നൽകാൻ കഴിയുന്ന വില തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ, ഹരിതകർമ്മസേന കൺസോർഷ്യത്തിൻറെയോ) നൽകേണ്ടതാണ്.

6. പുന:ചംക്രമണയോഗ്യമല്ലാത്തതും, വിവിധ ക്യാമ്പയിനുകളിൽ ശേഖരിക്കുന്നതുമായ നിഷ്ക്രിയ മാലിന്യങ്ങൾ സംസ്കരണം നടത്തുന്നതിന് സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

7. പുന:ചക്രമണയോഗ്യമല്ലാത്ത മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ശാസ്ത്രീയ

സംവിധാനങ്ങൾ ഉപയോഗപ്പെടുത്തേണ്ട ചുമതല ക്ലീൻ കേരള കമ്പനിക്കായിരിക്കും.

8. മാലിന്യം തരംതിരിക്കൽ എന്നിവയ്ക്കായുള്ള പരിശീലനം ക്ലീൻ കേരള കമ്പനി ഹരിതകർമസേനകൾക്ക് നൽകേണ്ടതാണ്. ഇതിനായി ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ എന്നിവരുടെ സാങ്കേതിക, സംഘാടന, സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതാണ്.

9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാതിൽപ്പടി ശേഖരണത്തിലൂടെ സംഭരിച്ച് കൈയൊഴിയുന്ന അജൈവ പാഴ്വസ്തുവിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് മാതൃക രജിസ്റ്റർ ക്ലീൻ കേരള കമ്പനി ലഭ്യമാക്കേണ്ടതാണ്.

10. മെറ്റീരിയൽ കളക്ഷൻ സെന്ററുകളിൽ നിന്നും പാഴ്വസ്തു ശേഖരിക്കുന്നതിനുള്ള ശേഖരണ കലണ്ടർ തയ്യാറാക്കി ക്ലീൻ കേരള കമ്പനി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. വീടുകൾ, സ്ഥാപങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ശേഖരണ രീതി, സംഭരണം, കൈയൊഴിയൽ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത കലണ്ടർ പ്രകാരം വാതിൽപ്പടി ശേഖരണം നടത്തുന്നതിനുള്ള സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

11. തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ക്ലീൻ കേരള കമ്പനി വയ്ക്കുന്ന കരാറിൽ കലണ്ടർ ഉൾപ്പെടുത്തേണ്ടതാണ്. കലണ്ടറിന് വ്യാപകമായ പ്രചാരണം നൽകാനുള്ള നടപടി ശുചിത്വമിഷനുമായി ചേർന്ന് സ്വീകരിക്കണം.

12. കലണ്ടർ പ്രകാരം അജൈവ പാഴ്വസ്തു ശേഖരിക്കുമ്പോൾ നഗരസഭകളിൽ എല്ലാവാർഡുകളിലും ഗ്രാമ പ്രദേശങ്ങളിൽ ഒരു ബ്ലോക്ക് പഞ്ചായത്തിൻറെ പരിധിയിൽ വരുന്ന എല്ലാ പഞ്ചായത്ത് പ്രദേശങ്ങളിലും ഒരുപോലെ നടപ്പാക്കണം.

13. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേക്ക് ശേഖരിക്കാൻ പാടില്ലാത്ത പാഴ്വസ്തുക്കളുടെ പട്ടിക തയ്യാറാക്കി ക്ലീൻ കേരള കമ്പനി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതും, ഹരിതകർമസേന പ്രസ്തുത മാലിന്യങ്ങൾ ശേഖരിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**പൊതു നിർദ്ദേശങ്ങൾ**

1. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തന പുരോഗതി നിരന്തരം വിലയിരുത്തുന്നതിനും പ്രായോഗികമായി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജില്ലാ ഏകോപന സമിതിക്കായിരിക്കും ചുമതല. ഈ സമിതിയിലേക്ക് കെ.എസ്.ഡബ്ല്യു.എം.പി, മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ തല ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

2. അജൈവ പാഴ് വസ്തു ശേഖരണ കലണ്ടർ പ്രകാരമുള്ള വാതിൽപ്പടി ശേഖരണം, എം.സി.എഫ്/ ആർ.ആർ.എഫ് -ൽ നിന്നും യഥാസമയം പാഴ്വസ്തുക്കൾ നീക്കം ചെയ്യൽ പുന:ചംക്രമണ സാധ്യമായ പാഴ്വസ്തുവിന് നൽകേണ്ട വില, ഹരിതകർമ്മസേനയ്ക്ക് പാഴ്വസ്തു

നൽകിയ ഇനത്തിൽ നൽകേണ്ട വില എന്നിവ എല്ലാ മാസവും ഏകോപന സമിതി വിലയിരുത്തി പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

3. ക്യാമ്പയിനുകൾ പ്രകാരമുള്ള മാലിന്യ ശേഖരണം, സംസ്കരണം എന്നിവ സർക്കാർ ഉത്തരവുകൾക്കും, സർക്കുലറുകൾക്കും അനുസൃതമായി മാത്രമേ നടത്തുവാൻ പാടുള്ളൂ. ഇപ്രകാരം നടത്തുന്ന മാലിന്യ ശേഖരണത്തിലൂടെ സമാഹരിക്കുന്ന നിഷ്ക്രിയ മാലിന്യം സംസ്കരിക്കുന്നതിന് സർക്കാർ നിശ്ചയിക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകേണ്ടതാണ്.

4. നിലവിലെ എംസിഎഫുകളിൽ സ്ഥലപരിമിതി മൂലമുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ഇടങ്ങളിൽ ബ്ലോക്ക് തലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ആർ.ആർ.എഫുകൾ ആവശ്യമെങ്കിൽ ആർ.ആർ.എഫ് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിൻറെ വിപുലീകരിച്ച എം.സി.എഫുകളായി ഉപയോഗിക്കാവുന്നതാണ്. അതേ സമയം ബ്ലോക്ക് തല ആർ.ആർ.എഫ് യൂണിറ്റിനായി അനുയോജ്യമായ ഇടം കണ്ടെത്തേണ്ടതാണ്.

5. ഹരിതകർമ്മസേനകൾ ശേഖരിക്കുന്ന പുന:ചംക്രമണയോഗ്യമായ പാഴ്‌വസ്തുക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ നിന്നും ശേഖരിക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് സ്വകാര്യ ഏജൻസികളെ എംപാനൽ ചെയ്ത് ഉപയോഗിക്കാവുന്നതാണ്. എംപാനൽ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ക്ലീൻ കേരള കമ്പനിക്ക് തീരുമാനിക്കാവുന്നതാണ്.

6. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ക്ലീൻ കേരള കമ്പനിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടാവുന്നതാണ്. ലഭ്യമാക്കിയിട്ടുള്ള ഉത്തരവുകൾക്ക് ഭേദഗതികൾ വരുത്തുന്നതുവരെ കരാറുകൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്, ആകയാൽ വർഷാവർഷം കരാർ പുതുക്കേണ്ടതില്ല.

7. നിഷ്ക്രിയ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് ദേശീയ ഹരിത ട്രൈബ്യൂണലിൻറെ വെഹിക്കിൾ ട്രാക്കിംഗ് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് ക്ലീൻ കേരള കമ്പനിയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്. ഇത് വിലയിരുത്തുന്നതിനായി ഒരു അവലോകന കമ്മിറ്റി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കേണ്ടതാണ്. കമ്മിറ്റിയിൽ തദ്ദേശ ഭരണ സ്ഥാപനം, ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, ക്ലീൻ കേരള കമ്പനി പ്രതിനിധികൾ ഉണ്ടാകേണ്ടതുമാണ്.

8. നിഷ്ക്രിയ മാലിന്യ ശേഖരണം, സംസ്കരണം എന്നിവയ്ക്കായുള്ള തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അതാത് മാസം ക്ലീൻ കേരള കമ്പനിക്ക് നൽകണം.

9. നിഷ്ക്രിയ മാലിന്യ ശേഖരണ പ്രവർത്തികൾ നടത്തുമ്പോൾ സ.ഉ(സാധാ)നം. 1673/2021/എൽഎസ്ജിഡി പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും ബാധകമായിരിക്കും. സ.ഉ പ്രകാരം നൽകിയിട്ടുള്ള മാനിഫെസ്റ്റുകൾ ഉപയോഗിച്ച് മാത്രമെ മാലിന്യ ശേഖരണം നടത്തുവാൻ പാടുള്ളൂ.

10. ഓരോ ഏജൻസിക്കും, ശേഖരണത്തിനായി ആവശ്യമുള്ള മാനിഫെസ്റ്റ് ഒരു ലോഡിന് ഒരെണ്ണം എന്ന നിലയിൽ നൽകേണ്ടതാണ്.

11. മാനിഫെസ്റ്റിൽ മാലിന്യ ശേഖരണം നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ പേര്, ജില്ല, ശേഖരണം നടത്തുന്ന ഏജൻസിയുടെ പേര്, വാഹനത്തിൻറെ രജിസ്റ്റർ നമ്പർ, മാലിന്യത്തിന്റെ തൂക്കം എന്നിവ കൃത്യമായി രേഖപ്പെടുത്തുകയും ജില്ലാ ചുമതലയുള്ള ഉദ്യോഗസ്ഥൻ/ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ ചുമതലയുള്ള ഉദ്യോഗസ്ഥൻ/ സാക്ഷ്യപ്പെടുത്തി നൽകുകയും വേണം.

12. മാനിഫെസ്റ്റിൻറെ എല്ലാ പേജുകളിലും വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തണം. വാഹനത്തിൻറെ ജി.പി.എസ് വിവരങ്ങൾ വാങ്ങിയതിനു ശേഷം മാത്രമേ മാനിഫെസ്റ്റുകൾ നൽകുവാൻ പാടുള്ളൂ.

13. ശേഖരണം പൂർത്തിയാക്കിയ ശേഷം നൽകിയ മാനിഫെസ്റ്റുകൾ തിരികെ ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

14. ശേഖരണത്തിനായി തെരെഞ്ഞെടുക്കുന്ന ഏജൻസികൾ മലിനീകരണ നിയന്ത്രണ ബോർഡിൻറെ അംഗീകാരമുള്ള ഗോഡൗണുകൾ പ്രവർത്തിപ്പിക്കുന്നതും, ശാസ്ത്രീയ ലാൻറ് ഫില്ലുകളോ, ഫർണസ് ഇൻഡസ്ട്രീസ് (സിമൻറ് ഫാക്ടറി) കളുമായോ അംഗീകൃതകരാർ ഉള്ളവരും ആയിരിക്കണം.

15. അജൈവ പാഴ്വസ്തുക്കൾ സംസ്കരണത്തിനായി കൊണ്ട് പോകുന്ന അംഗീകൃത ഏജൻസികൾ മാലിന്യം ശേഖരിച്ച് കൊണ്ടു പോകുന്ന സ്ഥലം സുരക്ഷിതമായും ശാസ്ത്രീയമായും മാലിന്യം സംസ്കരിക്കുവാൻ സാധിക്കുന്നതാണെന്ന് ഉറപ്പുവരുത്തേണ്ടതും, അത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

16. മാലിന്യ ശേഖരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ ജി.പി.എസ് ഘടിപ്പിച്ചതായിരിക്കണം. കൂടാതെ വാഹനത്തിൻറെ മൂവ്മെൻറ് കൃത്യമായി പരിശോധിക്കണം. വാഹനം കൃത്യമായി സംസ്കരണ ഫെസിലിറ്റിയിൽ എത്തിയതിൻറെ രേഖ എംസിഎഫിൽ/ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിക്കണം.

17. അജൈവ പാഴ്വസ്തു ശേഖരണവും കൈയൊഴിയലുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അജൈവ മാലിന്യം കൈമാറാൻ ചുമതലപ്പെടുത്തിയ ഏജൻസി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ത.സ്വ.ഭ സ്ഥാപന സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

18. 2023 വർഷം നടപ്പിലാക്കേണ്ട കലണ്ടർ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജനുവരി | ഇ-വേസ്റ്റ് |
| ഫെബ്രുവരി | തുണി മാലിന്യം |
| മാർച്ച് | ആപൽക്കരമായ ഇ-മാലിന്യങ്ങൾ (പിക്ചർ ട്യൂബ്, |

| | |
|---|---|
| [illegible] | ഇലക്ട്രിക് ബൾബ്, ഇലക്ട്രിക്  ട്യൂബ്, കണ്ണാടി) |
| ഏപ്രിൽ | ചെരുപ്പ്, ബാഗ്, തെർമോക്കോൾ, തുകൽ, കാർപെറ്റ്, അപ്ഹോൾസ്റ്ററി വേസ്റ്റ്, (ഉപയോഗശൂന്യമായ മെത്ത, തലയിണ, പ്ലാസ്റ്റിക് പായ) |
| മേയ് | കുപ്പി, ചില്ല് മാലിന്യങ്ങൾ |
| ജൂൺ | ഉപയോഗശൂന്യമായ വാഹന ടയർ |
| ജൂലൈ | ഇ-മാലിന്യങ്ങൾ |
| ആഗസ്റ്റ് | പോളിഎത്തിലീൻ, പ്രിൻറിംഗ്ഷീറ്റ്, സ്ക്രാപ്പ് ഇനങ്ങൾ |
| സെപ്റ്റംബർ | മരുന്ന് സ്ട്രിപ്പുകൾ |
| ഒക്ടോബർ | ആപൽക്കരമായ ഇ-മാലിന്യങ്ങൾ (പിക്ചർ ട്യൂബ്, ഇലക്ട്രിക് ബൾബ്, ഇലക്ട്രിക്  ട്യൂബ്, കണ്ണാടി) |
| നവംബർ | ചെരുപ്പ്, ബാഗ്, തെർമോക്കോൾ, തുകൽ, കാർപെറ്റ്, അപ്ഹോൾസ്റ്ററി  വേസ്റ്റ്, (ഉപയോഗശൂന്യമായ മെത്ത, തലയിണ, പ്ലാസ്റ്റിക് പായ) |
| ഡിസംബർ | കുപ്പി, ചില്ല് മാലിന്യങ്ങൾ |
| **പേപ്പർ, പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കവറുൾ എല്ലാ മാസവും ശേഖരിക്കുന്നു.** | |

**19.** പ്രസ്തുത കലണ്ടർ പ്രകാരം വാതിൽപ്പടി ശേഖരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. കലണ്ടർ പ്രകാരം ഉറവിടത്തിൽ തരംതിരിച്ച് വാതിൽപ്പടി ശേഖരണം നടക്കുന്നുണ്ടെന്ന് അതാത് തദ്ദശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.